## 15 -ാം കേരള നിയമസഭ

## 14 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 87** **18-09-2025 - ൽ മറുപടിയ്ക്ക്**

## വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കുള്ള ചികിത്സാ ചെലവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് സർക്കാർ ചികിത്സാ ചെലവ് അനുവദിക്കുന്നുണ്ടോ; എങ്കിൽ എന്തൊക്കെ വ്യവസ്ഥകൾക്ക് വിധേയമായാണ് ചികിത്സാ ചെലവ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | വന്യജീവി ആക്രമണം മൂലമുള്ള ജീവഹാനി, പരിക്ക്, കന്നുകാലി നഷ്ടം, സ്വത്ത്/കൃഷിനാശം എന്നിവയ്ക്ക് വനം വകുപ്പ് നഷ്ടപരിഹാരം അനുവദിച്ച് നൽകുന്നത് 1980-ലെ കേരള റൂൾസ് ഫോർ പെയ്മെന്റ് ഓഫ് കോംപൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് (Kerala Rules for Payment of Compensation to Victims of Attack by Wild Animals, 1980) – ന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 05.04.2018-ലെ സർക്കാർ ഉത്തരവ് (കൈ) നം. 17/2018/വനം പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കിലാണ് നഷ്ടപരിഹാരം അനുവദിച്ച് വന്നിരുന്നത്. ഈ ചട്ടങ്ങൾ പ്രകാരം വന്യജീവി ആക്രമണത്തിൽ ജീവഹാനി / പരിക്ക് സംഭവിക്കുന്ന വ്യക്തിക്ക്, വന്യജീവി (സംരക്ഷണ) നിയമം, 1972, കേരള വന നിയമം എന്നിവ പ്രകാരമുള്ള കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെടുകയോ ഉൾപ്പെടുകയോ ചെയ്താൽ നഷ്ടപരിഹാരത്തിന് അർഹതയില്ല. എന്നിരുന്നാലും സ്ഥിരം കുറ്റവാളികൾ അല്ലാത്ത വനം കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികൾ വനം കുറ്റകൃത്യത്തിനിടയിൽ അല്ലാതെ വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടാൽ ആയത് ബന്ധപ്പെട്ട സർക്കിളിലെ ഉദ്യോഗസ്ഥർ പരിശോധിക്കുകയും അർഹതയുള്ള കേസ്സിൽ നഷ്ടപരിഹാരം അനുവദിക്കുന്നതുമാണ്. കൂടാതെ ടി ചട്ടങ്ങൾ പ്രകാരം വന്യജീവി ആക്രമണങ്ങളിലെ മരണം ഒഴികെയുള്ള നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരത്തിനായി ആറ് മാസങ്ങൾക്കുള്ളിലും മരണങ്ങൾക്കുള്ള നഷ്ടപരിഹാരത്തിന് ഒരു വർഷത്തിനുള്ളിലും അപേക്ഷ സമർപ്പിക്കേണ്ടതാണ്.<br><br>മനുഷ്യ-വന്യജീവി സംഘർഷം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചതിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ മനുഷ്യ-വന്യജീവി സംഘർഷത്തിൽ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സർക്കാർ ഉത്തരവ് (സാധാ) നം.304/2025/DMD തീയതി 09.05.2025 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഈ മാനദണ്ഡങ്ങൾക്ക് 07.03.2024 തീയതി മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്.<br><br>മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ 60% ത്തിലധികം അംഗവൈകല്യം സംഭവിക്കുന്നവർക്ക് രണ്ടര ലക്ഷം രൂപയും 40% മുതൽ 60% വരെയുള്ള അംഗവൈകല്യത്തിന് രണ്ട് ലക്ഷം രൂപയും വന്യമൃഗാക്രമണത്തിൽ സംഭവിക്കുന്ന പരിക്കിന് ഒരു ലക്ഷം രൂപ വരെയും അനുവദിച്ചുവരുന്നു. പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ ചികിൽസാ ചെലവ് പൂർണ്ണമായും അനുവദിച്ചു വരുന്നു. |
| (ബി) | വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്നവരുടെ ചികിത്സാ ചെലവ് പൂർണ്ണമായും ഏറ്റെടുക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | 1980-ലെ കേരള റൂൾസ് ഫോർ പെയ്മെന്റ് ഓഫ് കോംപൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് (Kerala Rules for Payment of Compensation to Victims of Attack by Wild Animals, 1980) – ന്റെ അടിസ്ഥാനത്തിലാണ് വന്യജീവി ആക്രമണത്തിൽ സംഭവിക്കുന്ന ജീവഹാനി / പരിക്ക് എന്നിവയ്ക്ക് നഷ്ടപരിഹാരം/ ചികിത്സാസഹായം എന്നിവ നൽകിവരുന്നത്. നിലവിൽ വന്യജീവി ആക്രമണം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചതിനെത്തുടർന്ന് വനംവകുപ്പും, ദുരന്തനിവാരണ വകുപ്പും സംയുക്തമായി വന്യജീവി ആക്രമണത്തിന് സംഭവിക്കുന്ന പരിക്ക്/ജീവഹാനി മറ്റ് നാശനഷ്ടങ്ങൾ എന്നിവയ്ക്ക് ധനസഹായം നൽകുന്നതിന് പൊതുമാനദണ്ഡം രൂപീകരിച്ചിട്ടുണ്ട്. അതേ സമയം പരിക്കേൽക്കുന്നവരുടെ ചികിത്സാചെലവ് പൂർണ്ണമായും ഏറ്റെടുക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. എന്നാൽ പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ വന്യമൃഗ ആക്രമണത്തിൽ സംഭവിക്കുന്ന പരിക്കിനുള്ള ചികിത്സാചെലവ് മുഴുവനായും അനുവദിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ